**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **08-12-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ ഫണ്ട് തട്ടിപ്പ് - വകുപ്പുതല അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ പ്രളയ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഏതൊക്കെ തലത്തിലുള്ള അന്വേഷണമാണ് നടന്നതെന്ന വിശദാംശം നൽകുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പ്രളയ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് എറണാകുളം കളക്ടറേറ്റിലെ സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.വിഷ്ണുപ്രസാദിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. ഇതേ വിഷയത്തിൽ എറണാകുളം കലക്ടറേറ്റിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ശ്രീ.കെ.ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ എസ് എന്നിവർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുകൾക്ക് കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; 2018-ലെ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാൻ വേണ്ടി വരുന്ന കാലയളവെത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിലുള്ള ക്രമക്കേടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിന് മാത്രമാണ് കുറ്റകരമായ ഉദ്ദേശം ഉള്ളതെന്ന് അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ജാഗ്രതക്കുറവാണ് ഇത്തരത്തിൽ ടിയാന് തട്ടിപ്പ് നടത്തുന്നതിന് സഹയകരമായി തീർന്നത്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് വീഴ്ച വരുത്തിയ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത വിഷയത്തിൽ അച്ചടക്ക നടപടി നേരിട്ടവർ നിലവിൽ സർവീസിൽ തുടരുന്നുണ്ടോ; | (സി) | ഈ വിഷയത്തിൽ നിലവിൽ സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിനെ അച്ചടക്ക നടപടി |

| | | | |
|---|---|---|---|
| | ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | | സ്വീകരിക്കുന്നതിന്റെ ഭാഗമായി സസ്പെൻഡ് ചെയ്തിരിക്കുകയാണ്. 22.12.2021 ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ.വിഷ്ണുപ്രസാദിനെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും അതീവ ഗൗരവതരമായ ക്രമക്കേടാണ് നടത്തിയത് എന്നതിനാൽ ടിയാനെ സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതേ വിഷയത്തിൽ എറണാകുള കലക്ടറേറ്റിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ശ്രീ.കെ.ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ എസ് എന്നിവർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുകൾക്ക് കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത കേസിൽ രാഷ്ട്രീയ നേതാക്കൾക്ക് പങ്കുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ